ഉത്തരം

1987 ജനുവരിയിൽ പ്രസ്തുത സ്കീം കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിളവൂർക്കൽ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

138 [183] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിളവൂർക്കൽ പഞ്ചായത്തിലെ ജനങ്ങൾക്കുവേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം നിലച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

സിമൻറ് ലഭ്യമാകാത്തതിനാൽ പണി നിലച്ചിരിക്കുകയായിരുന്നു. പണി വീണ്ടും ആരംഭിച്ചിട്ടുണ്ട്.

ഹരിജൻ കോളനികൾക്ക് ശുദ്ധജലമെത്തിക്കാനുള്ള പ്രത്യേക പരിപാടികൾ

139. [184] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ കോളനികൾക്ക് ശുദ്ധജലമെത്തിക്കുവാനായി കുഴൽ കിണറുകൾ കുഴിക്കാനുള്ള പ്രത്യേക പരിപാടികൾ എന്തെങ്കിലും ഗവൺമെൻറിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പരിപാടിയിൽ കണ്ണൂർ ജില്ലയിൽ എത്ര കുഴൽ കിണർ കുഴിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ കുഴൽ കിണറിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും ?

ഉത്തരം

(എ ആൻറ് ബി) പ്രശ്ന ഗ്രാമങ്ങളിൽ ശുദ്ധജല വിതരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിപ്രകാരം ഹരിജൻ-ഗിരിജൻ കോളനികളിൽ കുഴൽ കിണറുകൾ കുഴിച്ച് കുടിവെള്ളമെത്തിക്കുന്നതിനായി 1985-86-ൽ രൂപം കൊടുത്ത പദ്ധതിക്ക് കേന്ദ്രഗവൺമെൻറ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് 594 ഗ്രാമങ്ങളിൽ 1512 കുഴൽ കിണറുകൾ കുഴിക്കുന്നതിന് 302.40 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറ് അനുവാദം നൽകിയിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിൽ 29 ഗ്രാമങ്ങളിലായി 71 കുഴൽ കിണറുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയുംവേഗം പണി പൂർത്തിയാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly